# ബൈബിൾ ട്രൂത്ത്

**JUNE** **YEAR: 2023**



# THE BIBLE TRUTH

**പിതാവായ ദൈവം**

↓

**പുത്രനായ ക്രിസ്തു മുഖാന്തരം**

↓

**അപ്പൊസ്തലന്മാർക്ക് നൽകി**

↓

**അപ്പൊസ്തലന്മാർ മുഖാന്തരം**

↓

**സർവ്വ ലോകത്തിനും നൽകി**

↓

**ആ രക്ഷാദൂത് സകല മനുഷ്യരും അനുസരിക്കണം**

- *രക്ഷിക്കപ്പെടുന്നവരെ കർത്താവ് സഭയോടു ചേർക്കുന്നു.*
- *നാമധേയ വിഭാഗങ്ങളെല്ലാം ദൈവ പദ്ധതിക്കു പുറത്താണ്.*
- *കൃപയാൽ സൗജന്യമായത്രെ ദൈവം രക്ഷിക്കുന്നത്.*
- *വിശ്വസിക്കുന്നവർ പാപങ്ങളെ വിട്ട് മാനസാന്തരപ്പെടും.*
- *പാപമോചനത്തിന് ക്രിസ്തുവിന്റെ ഉപദേശം അനുസരിക്കണം.*
- *നിത്യജീവന്റെ വചനമാണ് പുതിയ നിയമത്തിലുള്ളത്.*
- *പിതാവിന്റെ ഉപദേശപ്രകാരമാണ് ക്രിസ്തു സംസാരിച്ചത്.*

# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 40** **June 2023** **No.06**

# എഡിറ്റോറിയൽ

ഇന്ന് ചില ആളുകൾ മതത്തെ രാഷ്ട്രീയ നേട്ടത്തിനായി ഉപയോഗിക്കുന്നത് കാണാം. ചില മതസംഘടനകൾ സർക്കാരിനെ സമ്മർദ്ദത്തിലാക്കി ഭൗതികമായ നേട്ടങ്ങൾ കൈക്കലാക്കുന്നു. വാസ്തവത്തിൽ മതത്തെ ഭൗതികമായി ഉപയോഗിക്കുന്നതും രാഷ്ട്രീയം മതത്തെ ഉപയോഗിക്കുന്നതും തെറ്റാണ്. മതത്തെയോ മനുഷ്യരെയോ പ്രീതിപ്പെടുത്തുവാൻ ആഗ്രഹിക്കുന്ന ഒരു ഭരണാധികാരിക്കും നീതി നടപ്പാക്കുവാൻ കഴിയുകയില്ല. സത്യസന്ധമായി ഭരണം നടത്തുവാൻ ആഗ്രഹിക്കുന്ന ഒരു വ്യക്തിയും വോട്ടിനു വേണ്ടി ഭരണം നടത്തുവാൻ പാടില്ല. ഭരിക്കുന്ന വ്യക്തി അയാളുടെ ഭരണത്തിൻ കീഴിലുള്ള എല്ലാ വിഭാഗം ജനങ്ങൾക്കും നീതിയും ന്യായവും പ്രവർത്തിക്കുവാൻ ബാദ്ധ്യസ്ഥനാണ്. കാരണം അയാളെ ദൈവമാണ് ആ സ്ഥാനത്ത് നിയമിച്ചിരിക്കുന്നത്. കാരണം ദൈവത്താലല്ലാതെ ഒരധികാരവും ഇല്ലല്ലൊ. അധികാരത്തിലിരിക്കുന്ന വ്യക്തി ദൈവത്തെ ഭയപ്പെട്ടുവേണം ഓരോ നയം നടപ്പിലാക്കുവാൻ. ദൈവനിയമത്തിന് കീഴ്പ്പെട്ടുകൊണ്ടുവേണം അയാൾ തീരുമാനങ്ങൾ എടുക്കുവാൻ. പക്ഷവാദം നടത്തുന്നത് ദൈവേഷ്ടത്തിനു വിരുദ്ധമാണ്.

ജനങ്ങളാൽ നേതാക്കന്മാരെ ഭരണം നടത്തുവാൻ തിരഞ്ഞെടുക്കുമ്പോൾ, അവർ ജനങ്ങളോട് നീതി പുലർത്തണം. പക്ഷെ അതിനിടക്ക് വേണ്ടപ്പെട്ട ആളുകൾ എന്തെങ്കിലും ആവശ്യവുമായി വരുന്നത് അവിഹിതമായ എന്തെങ്കിലും കാര്യസാധ്യത്തിനായിരിക്കാം.

അത്തരം സ്വാധീനങ്ങൾക്ക് ഒരു ഭരണാധികാരിയും വഴങ്ങരുത്. നിയമലംഘനത്തിന് അയാൾ കൂട്ടു നിൽക്കരുത്. സമൂഹത്തിന് തുല്യനീതിയാണ് നടപ്പിലാക്കേണ്ടത്. നിയമവും ഭരണസംവിധാനവുമെല്ലാം അതിനുവേണ്ടിയാണ് ഉണ്ടാക്കിയിരിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങളും വികസനങ്ങളുമെല്ലാം നടപ്പാക്കുമ്പോൾ അന്യായം ചെയ്യാതിരിക്കണം. മതത്തെ രാഷ്ട്രീയത്തോടോ അല്ലെങ്കിൽ രാഷ്ട്രീയത്തെ മതത്തോടോ കൂട്ടി കുഴക്കരുത്. നീതിന്യായ വ്യവസ്ഥ നിലനിർത്താതിരിക്കുമ്പോഴാണ് സാമൂഹ്യ പ്രശ്നങ്ങൾ തലപൊക്കുന്നത്. ജനങ്ങൾ പ്രക്ഷുബ്ധരാകുന്നത് അങ്ങനെയാണ്. ദൈവത്തിന് ജാതിയോ മതമോ ഇല്ല. ദൈവം മനുഷ്യരെയാണ് അല്ലാതെ മതത്തെയല്ല സ്നേഹിക്കുന്നത്. പക്ഷെ നിയമലംഘനത്തെ ദൈവം വെറുക്കുന്നു. ഏതൊരു സ്ത്രീയായാലും പുരുഷനായാലും രാജ്യത്തിന്റെ നിയമം അനുസരിക്കണം. പക്ഷെ ആ നിയമങ്ങൾ ദൈവനീതിക്ക് എതിരാകരുത് എന്നു മാത്രം.

എല്ലാവരും ദൈവത്തിന്റെ നിയമം പാലിക്കുവാൻ കടപ്പെട്ടിരിക്കുന്നു. കാരണം അത് ഭൗതികമായ ലാഭത്തിന് വേണ്ടിയുള്ളതല്ല. ആത്മാവിന്റെ നിലനിൽപിനും ആത്മാവിന്റെ രക്ഷക്കുമുള്ളതാണ്. ധാർമ്മിക മൂല്യം ഇന്നു സമൂഹത്തിൽ കുറയുവാനുള്ള കാരണം, ആത്മിയമൂല്യത്തിന് ആളുകൾ പ്രാധാന്യം കൊടുക്കാത്തതുകൊണ്ടാണ്. അതായത് ആത്മാവിനെ കുറിച്ചുള്ള ചിന്ത അധികം പേരിലും ഇല്ലാതിരിക്കുന്നു. ഭൗതികമായതെല്ലാം ഇല്ലാതാകുന്നതും ആത്മികമായതെല്ലാം നിലനിൽക്കുന്നതുമാണ്. അതുകൊണ്ടാണ് ലോകം മുഴുവൻ ഒരാൾ നേടിയാലും ആത്മാവിനെ നഷ്ടമാക്കിയാൽ എന്തു പ്രയോജനം എന്ന് യേശുക്രിസ്തു ചോദിച്ചത്. ശരിയായി ഭരണം നടത്തുവാൻ കഴിവുള്ളത് യേശുക്രിസ്തുവിന് മാത്രമാണ്. അതുകൊണ്ടാണ് അവനെ കർത്താവ് എന്നു വിളിക്കുന്നത്. വഴിയും സത്യവും ജീവനുമായ ഏക കർത്താവ് ആണ് മനുഷ്യർക്കെല്ലാവർക്കുമുള്ളത്. അവനിലാണ് എല്ലാവരും ആശ്രയം വെക്കേണ്ടത്.

സത്യമെന്നു തെളിയിക്കപ്പെട്ട കർത്താവിന്റെ വചനങ്ങളാണ് ആത്മാവിന്റെ രക്ഷക്കായി ദൈവം വെളിപ്പെടുത്തിയിരിക്കുന്നത്. നിങ്ങൾ ക്രിസ്തുവിലും അവന്റെ വചനത്തിലും വിശ്വസിക്കുന്നു എങ്കിൽ സകല നിയമ ലംഘനങ്ങളും ഒഴിവാക്കി, ആത്മാർത്ഥമായി

മാനസാന്തരപ്പെട്ട് ക്രിസ്തു ദൈവത്തിന്റെ പുത്രനാണെന്ന് രക്ഷക്കായി ഏറ്റു പറഞ്ഞു പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം ഏറ്റ് പാപമോചനം ഉറപ്പാക്കുക. തുടർന്ന് നിങ്ങൾ മരണത്തോളം വചനപ്രകാരം ജീവിച്ച് ദൈവത്തെ സത്യത്തിലും ആത്മാവിലും ആരാധിച്ച് അവനെ സേവിക്കുക.

★

# ഇത് നിയമപരമോ?

### *J. C.* ചോട്ട്

ഏതാനും വർഷങ്ങൾക്ക് മുൻപ് പരസ്യമായി പറയുവാൻ പോലും ലജ്ജിച്ചിരുന്ന കാര്യങ്ങൾ ഇന്ന് മാദ്ധ്യമങ്ങളിൽ നിറഞ്ഞു നിൽക്കുന്ന വാർത്തയായി തീരുന്നു. തന്നെയുമല്ല അത്തരം കാര്യങ്ങൾ ഇന്ന് സാധാരണ വിഷയമായി തീരുന്നു. മുൻകാലങ്ങളിൽ വളരെ അപൂർവ്വമായിരുന്ന വിവാഹമോചനം ഇന്ന് സാധാരണ സംഭവമായി മാറി കഴിഞ്ഞു. വിവാഹബന്ധം എന്നു പറയുന്നത് ദൈവത്താൽ നിയമിച്ചിരിക്കുന്ന ഒരു വ്യവസ്ഥയാണ്. മതപരമായ ചടങ്ങുകൾ എന്തെല്ലാം നടത്തിയാലും ഒരു സ്ത്രീയേയും പുരുഷനേയും തമ്മിൽ ചേർക്കുന്നത് വിവാഹത്താലാണ്. അല്ലാതെയുള്ള ബന്ധം നിയമരഹിതമാണെന്ന് നമുക്ക് അറിയാം. നിസാരമായ കാരണത്താൽ പോലും ഭാര്യയും ഭർത്താവും തമ്മിൽ വേർപിരിയുന്നത് കാണുമ്പോൾ നമുക്ക് അവരോട് പരിതാപമാണ് തോന്നുന്നത്. പ്രശ്നങ്ങൾ ഇല്ലാത്ത ജീവിതമോ, ദാമ്പത്യബന്ധമോ ആഗ്രഹിക്കുന്നത് മൗഢ്യമാണ്. കർത്താവായ യേശുക്രിസ്തുവിന്റെ പുതിയ നിയമം വിവാഹത്തെയും വിവാഹബന്ധം പിരിയുന്നതിനെയും കുറിച്ച് എന്താണ് പറഞ്ഞിരിക്കുന്നത് എന്നു ഓരോരുത്തരും മനസിലാക്കണം.

ഒത്തുപോകുവാൻ കഴിയാത്ത പല സാഹചര്യങ്ങളെയാണ് അവർ എടുത്ത് കാണിക്കുന്നത്. ഇന്നത്തെ സാമൂഹ്യ സംഘടനകളും ചില മത സംഘടനകളും ഇത്തരം ആളുകളെ സഹായിക്കുന്നതിനായി മുമ്പോട്ട് വരുന്നതു കാണാം. വസ്ത്രം മാറുന്നതുപോലെ പങ്കാളികളെ മാറിക്കൊണ്ടിരിക്കുന്നവർ ധാരാളം ഉണ്ട്. കുടുംബ കോടതിയിൽ ചെന്നാൽ അവിടെ വേർപിരിയുവാൻ വെമ്പൽ കൊണ്ടു

നിൽക്കുന്ന ദമ്പതികളെ കാണാം. ഒന്നും രണ്ടും മക്കളായ ദമ്പതികളും ചില കാരണത്താൽ വേർപിരിയുവാൻ ആഗ്രഹിക്കുന്നു. ദൈവം ഇതിനെയെല്ലാം എങ്ങനെ കാണുന്നു? ബൈബിൾ ഈ വിഷയത്തെ കുറിച്ച് എന്താണ് പഠിപ്പിക്കുന്നത്? ആണിനേയും പെണ്ണിനേയും ദൈവമാണ് സൃഷ്ടിച്ചത്. ആദ്യ മനുഷ്യനായ ആദാമിനെ സൃഷ്ടിച്ച ശേഷം അവനു ഗാഢനിദ്രവരുത്തി അവന്റെ വാരിയെല്ലിൽ ഒന്നെടുത്ത് സ്ത്രീരൂപമാക്കി അവൾക്ക് നാരി എന്നു പേരിട്ടു. കാരണം അവളെ എടുത്തത് നരനിൽനിന്നാണ്. പുരുഷന് ഏറ്റവും നല്ലത് ഏതെന്നും സ്ത്രീക്ക് ഏറ്റവും നല്ലത് ഏതെന്നും ദൈവത്തിനറിയാം. അതുകൊണ്ടാണ് ദൈവം സ്ത്രീയേയും പുരുഷനേയും വിവാഹത്താൽ യോജിപ്പിക്കുന്നത്. ആദാമിന്നു തക്കതായ ഒരു തുണയെ ദൈവം അവന്റെ അടുക്കൽ കൊണ്ടുവന്നപ്പോൾ അവൻ പറഞ്ഞു, "ഇതാ ഇപ്പോൾ എന്റെ അസ്ഥിയിൽനിന്ന് അസ്ഥിയും മാംസത്തിൽനിന്ന് മാംസവും ആകുന്നു. നരനിൽനിന്ന് എടുത്തിരിക്കയാൽ അവൾക്ക് നാരി എന്നു പേരാകും" എന്നു പറഞ്ഞു. അവരെ കുറിച്ച് ബൈബിൾ പറയുന്നത്, "ആകയാൽ മനുഷ്യൻ തന്റെ അപ്പനെയും അമ്മയെയും വിട്ടുപിരിഞ്ഞു ഭാര്യയോട് പറ്റിച്ചേരും. അവർ ഇരുവരും ഒരു ദേഹമായി തീരും" (ഉൽപ്പത്തി 2:20-24).

ഒരു പുരുഷന്ന് ഒരു സ്ത്രീ എന്നതാണ് ദൈവം ഏർപ്പെടുത്തിയിരിക്കുന്ന കുടുംബ സംവിധാനം. അവർ ഇരുവരും പരസ്പരം ഇണയായി ജീവിക്കുവാനാണ് ദൈവം അങ്ങനെ ചെയ്തത്. അല്ലാതെ വേർപിരിയുവാനോ അന്യോന്യം മറക്കുവാനോ അല്ല. ഭാര്യ ഭർത്തൃബന്ധം അല്ലെങ്കിൽ മാതാപിതാക്കൾ തമ്മിലുള്ള ബന്ധം ഉലക്കാവുന്നതല്ല. അതേസമയം യേശുക്രിസ്തുവിന്റെ ഉപദേശം ശ്രദ്ധിക്കുക: "എന്നേക്കാൾ അധികം അപ്പനെയോ അമ്മയെയോ പ്രിയപ്പെടുന്നവൻ എനിക്ക് യോഗ്യനല്ല; എന്നെക്കാൾ അധികം മകനെയോ മകളെയോ പ്രിയപ്പെടുന്നവൻ എനിക്ക് യോഗ്യനല്ല" (മത്തായി 10:37). അപ്പനെയോ അമ്മയെയോ മകനെയോ മകളെയോ സ്നേഹിക്കരുത് എന്നു ക്രിസ്തു കൽപിച്ചിട്ടില്ല. എന്നാൽ ക്രിസ്തുവിനോടുള്ള സ്നേഹം അതിനെക്കാൾ കവിഞ്ഞിരിക്കണം എന്നാണ് കർത്താവ് അർത്ഥമാക്കിയത്. അത്തരത്തിലുള്ള സ്നേഹമാണ് ഭർത്താവിനും ഭാര്യക്കും ഉള്ളതെങ്കിൽ അവരെ തമ്മിൽ വേർപിരിക്കുവാൻ ഒരു ശക്തിക്കും സാധ്യമല്ല.

പഴയനിയമകാലത്തു പോലും ദൈവം വിവാഹമോചനത്തെ വെറുത്തിരുന്നു (മലാഖി. 2:16). ഏതു കാരണം ചൊല്ലിയും ഭാര്യയെ ഉപേക്ഷിക്കുന്നത് വിഹിതമോ എന്നു പരീശന്മാർ യേശുവിനെ പരീക്ഷിച്ചു ചോദിച്ചതിന് കർത്താവ് ഇങ്ങനെ മറുപടി പറഞ്ഞു, "സൃഷ്ടിച്ചവൻ അവരെ ആദിയിൽ ആണും പെണ്ണുമായി സൃഷ്ടിച്ചു എന്നും അതു നിമിത്തം മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ടു ഭാര്യയോട് പറ്റിച്ചേരും; ഇരുവരും ഒരു ദേഹമായി തീരും എന്നു അരുളിച്ചെയ്തു എന്നു നിങ്ങൾ വായിച്ചിട്ടില്ലയോ? ആകയാൽ അവർ മേലാൽ രണ്ടല്ല ഒരു ദേഹമത്രെ; ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യർ വേർപിരിക്കരുത്" എന്നു ഉത്തരം പറഞ്ഞു. അവർ അവനോട് എന്നാൽ ഉപേക്ഷണപത്രം കൊടുത്തിട്ട് അവളെ ഉപേക്ഷിപ്പാൻ മോശെ കൽപിച്ചത് എന്ത് എന്ന് ചോദിച്ചു. അവൻ അവരോട്, നിങ്ങളുടെ ഹൃദയകാഠിന്യം നിമിത്തമത്രെ ഭാര്യയെ ഉപേക്ഷിപ്പാൻ മോശെ അനുവദിച്ചത്; ആദിയിൽ അങ്ങനെ അല്ലായിരുന്നു. ഞാനോ നിങ്ങളോട് പറയുന്നത് പരസംഗം നിമിത്തമല്ലാതെ ഭാര്യയെ ഉപേക്ഷിച്ചു മറ്റൊരുത്തിയെ വിവാഹം കഴിക്കുന്നവൻ വ്യഭിചാരം ചെയ്യുന്നു. ഉപേക്ഷിക്കപ്പെട്ടവളെ വിവാഹം കഴിക്കുന്നവനും വ്യഭിചാരം ചെയ്യുന്നു.

ശിഷ്യന്മാർ അവനോട്, സ്ത്രീയെ സംബന്ധിച്ച് മനുഷ്യന്റെ അവസ്ഥ ഇങ്ങനെയെങ്കിൽ വിവാഹം കഴിക്കുന്നത് നന്നല്ല എന്നു പറഞ്ഞു. അവൻ അവരോട്, വരം ലഭിച്ചവർ അല്ലാതെ എല്ലാവരും ഈ വചനം ഗ്രഹിക്കുന്നില്ല. അമ്മയുടെ ഉദരത്തിൽനിന്നു ഷണ്ഢന്മാരായി ജനിച്ച ഷണ്ഢന്മാർ ഉണ്ട്. സ്വർഗരാജ്യം നിമിത്തം തങ്ങളെത്തന്നെ ഷണ്ഢന്മാരാക്കിയ ഷണ്ഢന്മാരും ഉണ്ട്. ഗ്രഹിപ്പാൻ കഴിയുന്നവൻ ഗ്രഹിക്കട്ടെ എന്നു പറഞ്ഞു (മത്തായി 19:3-12). ആകയാൽ നാം എന്താണ് പഠിക്കുന്നത്? വിവാഹം കഴിച്ച പങ്കാളി അവിശ്വസ്തനോ അവിശ്വസ്തയോ ആയാൽ മാത്രമെ വേർപിരിയാവു എന്നർത്ഥം. അതായത് വിവാഹിതനോ വിവാഹിതയോ ആയ ഒരു വ്യക്തി മറ്റൊരു വ്യക്തിയുമായി ലൈംഗികബന്ധം പുലർത്തിയാൽ മാത്രമെ ആ പങ്കാളിയെ വേർപിരിക്കാവു. എന്നാൽ അത്തരം സാഹചര്യം നേരിട്ടാൽ ബന്ധം ഒഴിയുന്നതാണ് കരണീയം എന്നല്ല. അവർക്ക് മാനസികമായി പൊരുത്തപ്പെട്ടുപോകുവാൻ കഴിയാത്ത ഒരേ ഒരു കാരണം ഇതു മാത്രമാണ് എന്നതാണ് നമ്മെ ബോധ്യമാക്കുന്നത്.

അവിശ്വസ്തനോ അവിശ്വസ്തയോ ആയ വ്യക്തി മാനസാന്തരപ്പെടുകയാണെങ്കിൽ ആ വ്യക്തിയോട് ക്ഷമിക്കുവാൻ കഴിയുന്നു എങ്കിൽ അത് മഹത്തരമായ കാര്യമാണ്. പക്ഷെ പങ്കാളിക്ക് വ്യഭിചാരം ചെയ്ത വ്യക്തിയുമായി പിന്നീട് ഒരുമിച്ച് താമസിക്കുവാൻ കഴിയുന്നില്ലെങ്കിൽ, അക്കാരണത്താൽ വിവാഹമോചനം നടത്താമെന്ന് വചനം നമ്മെ പഠിപ്പിക്കുന്നു. സ്തീയായാലും പുരുഷനായാലും ഇതിനപ്പുറമായ ഏതൊരു കാരണത്താലും വിവാഹബന്ധം വേർപെടുത്തുന്നത് ദൈവനിയമത്തിന് എതിരാണ്. അങ്ങനെ വേർപെട്ട് കഴിയുന്ന ഒരാളെ വിവാഹം കഴിക്കുന്നതും പാപമാണ്. വിവിധ മതസംഘടനകളും സമുദായ വിഭാഗങ്ങളും കോടതിയിൽനിന്ന് നിയമപരമായ വിവാഹമോചനം കിട്ടുവാനായി അഭിഭാഷകരെ ഏർപ്പെടുത്തും. അവർ വിവാഹമോചനം ലഭിക്കുവാനായി ഇല്ലാത്ത വ്യാജമായ കുറ്റാരോപണങ്ങൾ അവതരിപ്പിക്കും. എങ്ങനെയെങ്കിലും നിയമപരമായ മോചനമാണ് അവർ പ്രതീക്ഷിക്കുന്നത്. ഭൗതികമായ കോടതി വിധി പ്രസ്താവിക്കുന്നത് അവർക്ക് ലഭിക്കുന്ന തെളിവുകളുടെയും സാക്ഷി മൊഴികളുടേയും അടിസ്ഥാനത്തിലാണ്. അല്ലാതെ ദൈവിക നിയമത്തിന്റെ അടിസ്ഥാനത്തിലല്ല.

ദൈവത്തിന്റെ കോടതിയിൽ അംഗീകരിക്കാവുന്ന തെളിവുകളാണ് സുപ്രധാനം. ആ ചിന്ത പലരിലും ഇല്ല എന്നതാണ് പരിതാപകരമായ വസ്തുത. ദൈവത്തിന്റെ ന്യായവിസ്താരത്തിനു മുമ്പാകെ എല്ലാവരും നിൽക്കേണ്ടി വരും എന്ന കാര്യം അവർ മറക്കുകയാണ് (മത്തായി 25:31-46; പ്രവൃത്തികൾ 17:30, 31; 2 കൊരിന്ത്യർ 5:10). ദൈവത്തിന്റെ നിയമമനുസരിച്ചാണ് അന്ന് അവൻ എല്ലാവരേയും ന്യായം വിധിക്കുന്നത്. വിവാഹം സ്ത്രീയുടേയും പുരുഷന്റേയും ജീവിതത്തിനു വേണ്ടിയാണ്. അല്ലാതെ സ്വാർത്ഥതാൽപര്യങ്ങൾക്കോ ഇഷ്ടങ്ങൾക്കോ അനുസരിച്ച് ജീവിക്കുന്നതിനല്ല. ദമ്പതികളിൽ ഒരാൾ മരിക്കുന്നതുവരെ തുടരേണ്ടതാണ് ആ ജീവിതം. അവർക്കിടയിൽ സംഭവിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ രണ്ടുപേരും സ്നേഹത്തിൽ സംസാരിക്കുകയാണ് വേണ്ടത്. വാശിയോ വൈരാഗ്യമോ ഒന്നിനും പരിഹാരമല്ല. സ്നേഹത്തിൽനിന്നാണ് സഹിഷ്ണുതയുണ്ടാകുന്നത്. പരസ്പരം വിട്ടുവീഴ്ച്ച ചെയ്യാവുന്ന കാര്യങ്ങളിൽ അതുണ്ടാകണം. രണ്ടുപേരും ദൈവത്തിന്റെ വചനം കേട്ട് വിശ്വസിച്ച് അനുസരിച്ച് ദൈവത്തിനു കീഴ്പ്പെട്ടു ജീവിക്കുന്നവരിൽ

ദൈവഭയം ഉണ്ടാകും. ദൈവഭയത്തിൽ അന്യോന്യം കീഴ്പ്പെട്ട് ജീവിക്കുവാനാണ് ദൈവം എല്ലാവരോടും കൽപിച്ചിരിക്കുന്നത്. അതിന് തയ്യാറാകാത്തതാണ് പ്രശ്നം. ദൈവേഷ്ടത്തെ മാനിക്കണം.

✶

# പ്രാർത്ഥനക്കുള്ള ഘടകങ്ങൾ

## സ്റ്റീവ് വില്യംസ്

മിക്കവാറും എല്ലാവരും പ്രാർത്ഥിക്കുന്നവരാണ്. പല രീതിയിൽ വിവിധ ആവശ്യങ്ങൾക്കായി ആളുകൾ പ്രാർത്ഥിക്കുന്നുണ്ട്.അർത്ഥവത്തായ പ്രാർത്ഥനക്ക് തടസങ്ങൾ ഉള്ളതുപോലെ അതിനു സഹായകരമായ കാര്യങ്ങളുമുണ്ട്. നമ്മുടെ വിശ്വാസം, ആചാരം, സ്വഭാവം എന്നിവ അതിനെ ബാധിക്കുന്നു. ദൈവത്തോടുള്ള ധ്യാനത്തിൽ ഒരാൾ എന്താണ് ചെയ്യേണ്ടത്. പ്രാർത്ഥനയിൽ എന്തെല്ലാമാണ് ഉൾപ്പെടുത്തേണ്ടത്? എങ്ങനെ പ്രാർത്ഥിച്ചാലാണ് ദൈവം കേൾക്കുന്നത്? ദൈവത്തോടാണ് നാം പ്രാർത്ഥിക്കേണ്ടത്. ദൈവം പരിശുദ്ധനും നീതിമാനുമാണ്. അവന്റെ സന്നിധിയിൽ പ്രാർത്ഥന സ്വീകാര്യമാകണമെങ്കിൽ ദൈവം പറഞ്ഞിരിക്കുന്നതുപോലെ പ്രാർത്ഥിക്കണം. അല്ലാതെ മനുഷ്യരുടെ ഇഷ്ടപ്രകാരമല്ല പ്രാർത്ഥിക്കേണ്ടത്. ഒരു വ്യക്തി പ്രാർത്ഥിക്കുമ്പോൾ അയാൾ ധാർമ്മികമായി നല്ല ജീവിതത്തിനുടമ ആയിരിക്കണം. പാപികളുടെ പ്രാർത്ഥന ദൈവം കേൾക്കുകയില്ല. നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥനെക്ക് ദൈവം ചെവി ചായിക്കുന്നു. വിശുദ്ധജീവിതം നയിക്കുന്നവന്റെ അപേക്ഷയിൽ ദൈവം സന്തോഷിക്കുന്നു (സദൃശവാക്യങ്ങൾ 15:8).

പാപം കഴുകി കളഞ്ഞാൽ നമുക്ക് ദൈവമുൻപാകെ ധൈര്യമായി നിൽക്കാം (സങ്കീർത്തനങ്ങൾ 24:3, 4). നിസ്വാർത്ഥമായ ആത്മാവുള്ള ഒരാളുടെ അപേക്ഷ ദൈവം തള്ളിക്കളയുകയില്ല. കർത്താവ് ഈ ഭൂമിയിലായിരുന്നപ്പോൾ അവൻ ശിഷ്യന്മാരെ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചു. അതിൽ ദൈവേഷ്ടം സ്വർഗത്തിലേ പോലെ ഭൂമിയിലും ആകട്ടെ എന്നു പറഞ്ഞിരിക്കുന്നു. ശലോമോൻ തനിക്ക് ദൈവജനത്തെ ഭരിക്കുവാൻ വിവേകമുള്ള ഒരു ഹൃദയത്തിനായി അപേക്ഷിച്ചു. അവന് ദൈവം അതും അതിലപ്പുറവും നൽകി. പിന്നീട് അനുസരണമുള്ള ഒരാത്മാവിൽനിന്നാണ് പ്രാർത്ഥന ഉയരേണ്ടത്.

ദൈവഹിതപ്രകാരം നാം എന്തു യാചിച്ചാലും അത് നമുക്ക് ലഭിക്കും എന്ന് വചനം നമ്മോട് സാക്ഷ്യപ്പെടുത്തുന്നു. യേശുക്രിസ്തു അവസാനത്തോളം പിതാവിന്റെ ഇഷ്ടത്തിനായി കീഴ്പ്പെട്ടിരുന്നു. ആ മാതൃകയാണ് നാമും പിൻപറ്റേണ്ടത്. താഴ്മ അഥവാ വിനയം മറ്റൊരു ഗുണമാണ്. തന്നെത്താൻ താഴ്ത്തി ദൈവത്തോട് പ്രാർത്ഥിക്കുന്ന വ്യക്തിയുടെ യാചന ദൈവം കേൾക്കും. ദൈവത്തെ ബഹുമാനിക്കുന്നു എങ്കിൽ നാം അവനെ ആദരിച്ചാണ് ജീവിക്കേണ്ടത്. നമ്മുടെ ജീവിതവും മനസും തലയുമെല്ലാം കുമ്പിട്ടു വേണം നാം അവനെ വണങ്ങുവാൻ. ദൈവത്തെ സംബോധന ചെയ്യുന്ന വാക്കുകൾ പോലും അവന്നു മഹത്വം കൊടുക്കുന്നവയായിരിക്കണം. എളിമ ഏതൊരാൾക്കും എപ്പോഴും ആവശ്യമാണ്. ദാനിയേൽ ദൈവസന്നിധിയിൽ തന്നെത്താൻ താഴ്ത്തി പ്രാർത്ഥിച്ചപ്പോൾ അവന്റെ പ്രാർത്ഥന ദൈവം സ്വീകരിച്ചു (ദാനിയേൽ 10:12).

നമ്മുടെ സൽപ്രവൃത്തികളിലുള്ള പ്രശംസക്ക് ദൈവസന്നിധിയിൽ യാതൊരു സ്ഥാനവുമില്ല. യേശുക്രിസ്തു ഭൂമിയോളം തന്നെ താഴ്ത്തിയ മാതൃക നാം മറക്കരുത്. അതിനാൽ ദൈവം അവനെ സ്വർഗത്തോളം ഉയർത്തി. പ്രാർത്ഥനക്ക് നാം മനസിലാക്കേണ്ട ചില കാര്യങ്ങളുണ്ട്. ദൈവം ആരാണ് എന്നും നാം ആരാണ് എന്നും ഗ്രഹിച്ചുകൊണ്ടായിരിക്കണം നാം ദൈവമുൻപാകെ ചെല്ലുവാൻ. ഞാൻ ആത്മാവ് കൊണ്ടും ബുദ്ധികൊണ്ടും പ്രാർത്ഥിക്കും എന്നു പൗലൊസ് പറഞ്ഞിരിക്കുന്നു (1 കൊരിന്ത്യർ 14:15). കാണാതെ ചൊല്ലുന്നതോ ആരെങ്കിലും എഴുതി തയ്യാറാക്കിയ പ്രാർത്ഥന ചൊല്ലുന്നതോ കാര്യങ്ങൾ മനസിലാക്കിയുള്ള പ്രാർത്ഥന ആയിരിക്കുകയില്ല. പ്രാർത്ഥനക്ക് അവിഭാജ്യമായ ഘടകമാണ് വിശ്വാസം. വിശ്വാസമില്ലാതെ എന്തു ചെയ്താലും പ്രയോജനമില്ല. വിശ്വാസത്തോടുകൂടെ വേണം നാം ദൈവത്തോട് പ്രാർത്ഥിക്കുവാൻ. നമ്മുടെ ആത്മിയമായ ആവശ്യങ്ങൾ ദൈവത്തിൽ വിശ്വാസത്തോടുകുടി സമർപ്പിക്കുമ്പോൾ ഭൗതികമായ ആവശ്യങ്ങൾ ദൈവം നിറവേറ്റും. അതായത് സംശയിക്കാതെ വേണം ദൈവത്തോട് പ്രാർത്ഥിക്കുവാൻ.

ആത്മാർത്ഥമായ ജീവിതം നയിച്ചുകൊണ്ടാണ് അവനോട് യാചിക്കേണ്ടത്. കളങ്കവും കാപട്യവും ദൈവം ഇഷ്ടപ്പെടുകയില്ല. മറുപടി എന്തു തന്നെ ആയാലും അത് സ്വീകരിക്കുവാനുള്ള മാനസികാവസ്ഥ നമുക്ക് ഉണ്ടായിരിക്കയും വേണം.

✶

# ദൂതന്മാർ പാടുന്നത് എനിക്ക് കേൾക്കാം

ജോണി രാംസേ

പാട്ട് ഇഷ്ടപ്പെടാത്തവർ വളരെ കുറവായിരിക്കും. പാട്ടു പാടുവാൻ എല്ലാവർക്കും കഴിയാതെ വന്നേക്കാം. പക്ഷെ പാട്ട് ഈണത്തിൽ പാടാത്തവർ മൂളിപ്പാട്ട് എങ്കിലും പാടും. ദൈവം നമുക്ക് പല താലന്തുകൾ തന്നിരിക്കുന്നതിനാൽ നാം ഭാഗ്യവാന്മാരാണ്. പഴയ നിയമത്തിലും പുതിയ നിയമത്തിലും ഗാനങ്ങൾ ആലപിച്ച് ദൈവത്തെ മഹത്വപ്പെടുത്തിയിരിക്കുന്നത് കാണാം. സ്വർഗത്തിൽ സ്വർഗീയ സൈന്യവും ഭൂമിയിൽ മനുഷ്യരും ദൈവത്തെ സ്തിച്ച് പാട്ട് പാടുന്നതായി നമുക്ക് കാണാം. കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കുമെന്ന് ദൈവദൂതൻ ഘോഷിച്ചപ്പോൾ സ്വർഗീയ സൈന്യങ്ങളുടെ സംഘം ദൈവദൂതനോട് ചേർന്ന് ദൈവത്തെ പാടി സ്തുതിക്കുകയും വാഴ്ത്തുകയും ചെയ്തതായി നമുക്ക് വചനത്തിൽ വായിക്കുവാൻ കഴിയും (ലൂക്കൊസ് 2:13, 14). കാരണം ഭൂമിയിലെ മനുഷ്യർക്ക് ദൈവപ്രസാദവും സമാധാനവും ലഭിക്കുവാൻ അങ്ങനെ വഴിയൊരുക്കി എന്നതാണ് കാര്യം. ഹൃദയാന്തർഭാഗത്തുനിന്നുള്ള നന്ദിയും സന്തോഷവും ഗാനങ്ങളിൽ കൂടെ പ്രകടിപ്പിക്കുന്നു. എല്ലാം സൃഷ്ടിച്ചത് ദൈവമാണ്. അവന്റെ സൃഷ്ടികളെല്ലാം മനോഹരമാണ്. പ്രപഞ്ചവും അതിലുള്ളതൊക്കെയും ദൈവകരങ്ങളാൽ ഉളവായതാണ്. അവ ഒക്കെയും ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ടാണിരിക്കുന്നത്. പക്ഷെ അവന്റെ സാദൃശത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യരോ ദൈവത്തോട് നന്ദി കാണിക്കുന്നുണ്ടോ?

സ്വർഗീയ ദൂതന്മാരെയും സ്വർഗീയ സൈന്യത്തെയും ദൈവം ആക്കിയിരിക്കുന്നത് അവർ ദൈവത്തെ സ്തുതിച്ചും പുകഴ്ത്തിയും ആരാധിച്ചുംകൊണ്ടിരിക്കുവാനാണ്. അതോടൊപ്പം ദൈവത്തെ അവർ രാപ്പകൽ സേവിക്കയും ചെയ്യുന്നു. നാം അവന്റെ വെളിപ്പാട് കേൾക്കുകയും അവന്റെ സൃഷ്ടികളെ കാണുകയും വേണം. ആരംഭത്തിൽ പ്രകാശവും പകലും നമുക്ക് ദൈവം കാണിച്ചു തന്നു. പിന്നെ രാത്രി ഉണ്ടാക്കി. സമുദ്രത്തെയും കരയെയും വേർതിരിച്ച് ഉണങ്ങിയ നിലം കാണുമാറാക്കി. സസ്യങ്ങളെയും ജീവനുള്ള ജന്തുക്കളെയും ഭൂമിയിൽ ഉളവാക്കിയതും നമ്മുടെ പിതാവായ ദൈവം തന്നെയാണ്. ഓരോന്നിനും അവൻ പുനരുൽപ്പാദന ശേഷിയും കൊടുത്തു. സസ്യങ്ങൾക്കും വൃക്ഷങ്ങൾക്കും ഫലം പുറപ്പെടുവിക്കുവാനുള്ള കഴിവും നൽകി. മനുഷ്യർ സൃഷ്ടിയുടെ മഹത്വകിരീടം തന്നെയാണ്. എല്ലാം ഉണ്ടാക്കി കഴിഞ്ഞശേഷം ദൈവം അവയെ നോക്കി എല്ലാം നല്ലത് എന്നു പറഞ്ഞു. ഓരോന്നും വളരുവാൻ തുടങ്ങി. ജന്തുക്കളെല്ലാം ചലിക്കുവാനും തുടങ്ങി.

ഭൂമിയിലും, ജലത്തിലും വായുവിലും ഓരോന്നും ജീവിക്കുവാൻ തുടങ്ങി. അന്തരീക്ഷമെല്ലാം ദൈവസൃഷ്ടികൾ കയ്യടക്കി. ഭൂമി അതാതു സസ്യങ്ങൾക്കും വൃക്ഷങ്ങൾക്കും വിളവ് നൽകത്തക്കവണ്ണം ഫലപുയിഷ്ടമായി. ഭൂമിയിൽ മനുഷ്യരെ ദൈവം വാസയോഗ്യമാക്കി തീർത്തത് ദൈവത്തെ മഹത്വപ്പെടുത്തി ജീവിപ്പാനാണ്. ആ ഉദ്ദേശത്തിനു വിരുദ്ധമായി മനുഷ്യർ ജീവിക്കുവാൻ തുടങ്ങിയപ്പോൾ പ്രകൃതിക്കും ആവാസ വ്യവസ്ഥക്കും മാറ്റം സംഭവിക്കുവാൻ തുടങ്ങി. സൃഷ്ടികളെല്ലാം ദൈവത്തിനു കീഴ്പ്പെട്ടിരുന്നപ്പോൾ ദൂതന്മാരും സന്തോഷിച്ചു. അങ്ങനെ അവർ ദൈവത്തെ വാഴ്ത്തിപ്പാടുവാനിടയായി. എന്നാൽ എപ്പോൾ മനുഷ്യൻ ദൈവ വ്യവസ്ഥയെ മാനിക്കാതെ വന്നുവോ അപ്പോൾ മുതൽ ദൈവ കോപം ജ്വലിച്ചു തുടങ്ങി. എന്തിനു വേണ്ടി സൃഷ്ടികർത്താവ് ഇതെല്ലാം ചെയ്തുവോ അതിനു വിപരീതമായ രീതിയിൽ മനുഷ്യർ ജീവിച്ചത് ദൈവത്തിന് അനിഷ്ടമായി തീർന്നു. ദൈവത്തെയും സ്വർഗത്തെയും ദുഃഖിപ്പിച്ച സാഹചര്യം മാറി കിട്ടുവാൻ ഓരോരുത്തരും ദൈവത്തെ സന്തോഷിപ്പിക്കണം എന്നർത്ഥം.

ഭൂമിയും അതിന്റെ പൂർണ്ണതയും ഭൂതലവും അതിന്റെ നിവാസികളും യഹോവക്കുള്ളതാകുന്നു. ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു. ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു. ജീവചാലങ്ങളെല്ലാം പ്രഭാതത്തിൽ ദൈവത്തെ സ്തുതിക്കുകയാണ്, അവനെ വാഴ്ത്തി പാടുകയാണ്. പക്ഷികളും അതിൽനിന്നു വ്യത്യസ്തരല്ല. സ്വന്ത സാദൃശത്തിൽ ദൈവമക്കളായി ജീവിക്കുവാനാക്കിയ ആണും പെണ്ണുമായ മനുഷ്യ വർഗം ദൈവത്തെ ദുഃഖിപ്പിക്കുകയും കോപിപ്പിക്കുകയുമാണ് ചെയ്യുന്നത്. നമ്മുടെ ദൈവത്തിന്റെ കോപം ശമിപ്പിക്കുവാൻ യേശുക്രിസ്തു പിതാവിനു പ്രസാദകരമായ യാഗം അർപ്പിച്ചു. നാമും ദൈവത്തിന് പ്രസാദമുള്ള പ്രവൃത്തി ചെയ്യുകയാണ് വേണ്ടത്. ദൈവം അയച്ചവനിൽ വിശ്വസിച്ച് അവന്റെ വചനം പ്രമാണിക്കുമ്പോൾ ദൈവത്തിന് സന്തോഷം ഉണ്ടാകും. അതായത് പാപത്തെ ഉപേക്ഷിക്കുവാൻ എല്ലാവരും തയ്യാറാകണം. ഒരു പാപി മാനസാന്തരപ്പെടുമ്പോൾ സ്വർഗം സന്തോഷിക്കും. പാപമോചനം നൽകുവാൻ ദൈവം ആവശ്യമായതെല്ലാം ചെയ്തു. ഇനി നമ്മുടെ ഭാഗത്തുനിന്നും ദൈവം ചെയ്യുവാൻ ആവശ്യപ്പെടുന്നതെല്ലാം നാം ചെയ്യണം. ഇപ്പോൾ തന്നെ മനസ് പുതുക്കി രൂപാന്തരപ്പെടുവാൻ തീരുമാനിക്കുക. രക്ഷക്കായുള്ള കർത്താവിന്റെ കൽപനകളെല്ലാം അനുസരിച്ച് മരണത്തോളം വിശ്വസ്തമായി ദൈവത്തെ മഹത്വപ്പെടുത്തി ജീവിക്കുക.

✶

# നരകം ഒരു യാഥാർത്ഥ്യമോ?

ദില്ലാർഡ് തർമൻ

ആളുകൾ ഏറ്റവും കൂടുതൽ ഭയപ്പെടുന്ന വിഷയങ്ങളിൽ ഒന്നാണ് നരകം. നരകം എന്നു കേൾക്കുന്നത് തന്നെ ചിലർക്ക് വിരക്തിയാണ്. ചില പ്രാസംഗികർ നരകത്തെ കുറിച്ച് പ്രസംഗിക്കുവാൻ ശങ്കിക്കുന്നു. ആളുകൾക്ക് താൽപ്പര്യമില്ലാത്ത വിഷയമാണെന്ന് വിചാരിച്ചായിരിക്കാം. എങ്ങനെയായാലും നരകം എന്നത് വാസ്തവത്തിൽ ഉള്ള കാര്യമാണ്. സ്വർഗം ഉണ്ടെങ്കിൽ നരകവും ഉണ്ട്. കാരണം അത് അരുളിച്ചെയ്തിരിക്കുന്നത് ദൈവമാണ്. ദൈവത്തിന്റെ അരുളപ്പാടുകളെല്ലാം സത്യമാണ്. ദൈവത്തെ ഭയമില്ലാതെ അവന്റെ ഹിതത്തിന് വിപരീതമായി ജീവിക്കുന്നവർ പണ്ടുമുതലേ ഉണ്ടായിരുന്നതായി നമുക്ക് കാണാം. സ്വർഗത്തിലെ ദൂതന്മാരായിരുന്നിട്ടും അവരിൽ അവനോട് മൽസരിച്ചവരും മറുത്തു നിന്നവരുമുണ്ടായിരുന്നതായി ചരിത്രം വ്യക്തമാക്കുന്നു. തങ്ങൾക്ക് ഇഷ്ടമുള്ളതു ചെയ്ത് ദൈവത്തിന്റെ ഹിതത്തെ മാനിക്കാതിരുന്നവർ ധാരാളമുണ്ട്. ദൈവം വെളിപ്പെടുത്തിയ കൽപനകളെ ധിക്കരിച്ച് അവനു അനിഷ്ടമുള്ളത് പ്രവർത്തിക്കുവാനുള്ള ത്വര ചില മനുഷ്യർക്ക് അന്നും ഇന്നും ഉണ്ട്. അനീതി ചെയ്യുന്നവരെ ശിക്ഷിക്കാതിരിക്കുന്നത് ദൈവത്തിന്റെ നീതി ആയിരിക്കുകയില്ല.

ദൈവം പഠിപ്പിച്ച കൽപനകളോട് യോജിക്കുന്നതിനു പകരം അതിനു വിപരീതമായി പ്രവർത്തിക്കുന്നത് ദൈവത്തിന് അനിഷ്ടമായിരിക്കും. ദൈവം തന്റെ അരുളപ്പാടുകളായി വെളിപ്പെടുത്തിയിരിക്കുന്ന കാര്യങ്ങളെല്ലാം സത്യമാണ്. മനുഷ്യരുടെ ഉൽപ്പത്തി മുതൽ ദൈവം മനുഷ്യരോട് ശിക്ഷാവിധിയെ കുറിച്ചും നിത്യശിക്ഷാവിധിയെ കുറിച്ചും മുന്നറിയിച്ചിട്ടുണ്ട്. അപകടം ഒഴിവാക്കുവാനായിട്ടാണ് മുന്നറിയിപ്പുകൾ നൽകിയിരിക്കുന്നത്. പക്ഷെ മനുഷ്യർ അത് അവഗണിക്കുകയോ തള്ളിക്കളയുകയോ ചെയ്തുകൊണ്ടിരിക്കുന്നു. ദുഷ്ടശക്തി മനുഷ്യരെ കബളിപ്പിച്ച് മോഹനവാഗ്ദാനങ്ങളും പ്രലോഭനങ്ങളും നൽകി വഴി തെറ്റിക്കുകയാണ്. നാം വിശ്വസിക്കേണ്ടതു ദൈവത്തിന്റെ വാഗ്ദാനവും മുന്നറിയിപ്പുകളുമാണ്. അല്ലാതെ അതിനെതിരായവയെ അല്ല. ദൈവത്തിന്റെ വചനത്തിൽ നന്മയും തിന്മയും വേർതിരിച്ചു മനസിലാക്കുവാനായി വെളിപ്പെടുത്തി തന്നിരിക്കുന്നു എന്നത് എത്ര പ്രയോജനകരമെന്ന് ചിന്തിച്ചു നോക്കുക. സ്വർഗത്തെ

കുറിച്ച് അറിയുന്നതും പറഞ്ഞു കേൾക്കുന്നതും വളരെ മനോഹരമാണ്. എന്നാൽ നരകത്തിന്റെ അവസ്ഥയെ കുറിച്ച് പറഞ്ഞു കേൾക്കുന്നത് തന്നെ എല്ലാവർക്കും ഇഷ്ടപ്പെടുകയില്ല എന്നത് വാസ്തവമാണെങ്കിലും. അതിനെ അറിയാതിരിക്കുന്നതും അവിശ്വസിക്കുന്നതും നന്നായിരിക്കുകയില്ല.

മാനുഷിക നിയമ വ്യവസ്ഥയും കോടതിയുമെല്ലാം മിക്കവാറും എല്ലാ രാജ്യത്തിലും നിലവിലുണ്ട്. പക്ഷെ അവിടെ നടക്കുന്നത് കുറ്റവാളികൾ രക്ഷപ്പെടുകയും നിരപരാധികൾ ശിക്ഷിക്കപ്പെടുകയുമാണ്. ഇത് എത്ര വൈരുദ്ധ്യമാണ് എന്നോർക്കുക. ദൈവം ആഗ്രഹിക്കുന്നത് അവന്റെ നീതിയും ന്യായവും നടപ്പാക്കുവാനാണ്. പക്ഷെ ആളുകൾ ദൈവത്തിന്റെ നീതിയെ അനീതിയായും ദൈവത്തിന്റെ ന്യായത്തെ അന്യായമായും മാറ്റിയിരിക്കുന്നു. നിയമത്തെ ലംഘിക്കുന്നവർക്ക് ശിക്ഷ കൊടുക്കണം എന്ന വ്യവസ്ഥയില്ലാത്ത രാജ്യങ്ങളില്ല. പക്ഷെ അത് നടപ്പാക്കുന്ന രീതിയാണ് ശരിയല്ലാത്തത്. അധികാരസ്ഥാനത്തുള്ളവർ നീതി നടപ്പാക്കുന്നതിൽ വിട്ടുവീഴ്ച്ച ചെയ്യരുത്. അവരെ ആ സ്ഥാനത്ത് ആക്കിയിരിക്കുന്നത് ദൈവമാണ്. നിയമം ശക്തമല്ലെങ്കിൽ വാഴുന്നത് അനീതിയായിരിക്കും. അത് സാമൂഹ്യജീവിതത്തെ താളം തെറ്റിക്കും. നിയമം എല്ലാവരും പാലിക്കണം. ആർക്കും അതിൽനിന്നു ഒഴിഞ്ഞുമാറുവാൻ കഴിയരുത്. നിയമത്തിലെ പഴുതുകൾ കണ്ടെത്തി കുറ്റവാളികൾ ശിക്ഷയിൽനിന്നു വിടുവിക്കുവാൻ കഴിയുന്നത് അനീതി വർദ്ധിപ്പിക്കുവാൻ മാത്രമെ ഉപകരിക്കുകയുള്ളു.

സ്നേഹത്തെ കുറിച്ചു പ്രസംഗിക്കുന്നതിനേക്കാൾ എന്തെളുപ്പമാണ് ആളുകളെ വെറുക്കുവാൻ. വെറുപ്പിനെ കുറിച്ച് പറയുന്നതിനേക്കാൾ എളുപ്പമാണ് സ്നേഹത്തെ കുറിച്ചു പറയുവാൻ. ശിക്ഷയെ കുറിച്ചു പ്രസംഗിക്കുന്നതിനേക്കാൾ പ്രതിഫലത്തെ കുറിച്ച് പറയുവാനാണ് എളുപ്പം. അത് കേൾക്കുവാൻ ആളുകൾക്ക് താൽപര്യവുമുണ്ടാകും. പക്ഷെ ശിക്ഷയെ കുറിച്ച് പറഞ്ഞു കേൾക്കുന്നതും ശിക്ഷ അനുഭവിക്കുന്നതും വളരെ വിഷമമാണ്. ദൈവത്തിന്റെ ദയവിനെ കുറിച്ചും കരുണയെ കുറിച്ചും വാചാലമായി നമുക്ക് പ്രസംഗിക്കുവാൻ കഴിയും. പക്ഷെ ദൈവത്തിന്റെ പ്രതികാരത്തെയും തീഷ്ണതയെയും കുറിച്ച് അങ്ങനെ അല്ല താനും. ഒരു സത്യസന്ധനായ ദൈവദാസൻ ദൈവത്തിന്റെ ആലോചനയെ ഒട്ടും മറച്ചുവെക്കാതെ പ്രസംഗിക്കും (പ്രവൃത്തികൾ 20:27). ദൈവം സ്നേഹമാണ്

(1 യോഹന്നാൻ 4:8). അതേ സമയത്ത് അവൻ ദഹിപ്പിക്കുന്ന അഗ്നിയുമാണ് (എബ്രായർ 12:29). തിന്മക്കെതിരായ നിത്യ ശിക്ഷ എന്ന നരകത്തെ തള്ളിക്കളയുന്നത് ന്യൂനപക്ഷം മാത്രമാണ്. നീതിപൂർവ്വമായ ജീവിതത്തിനു പ്രതിഫലം കൊടുക്കുന്നതുപോലെ ദുഷ്ടത പ്രവർത്തിക്കുന്നതിനുള്ള ശിക്ഷ കൊടുക്കണമെന്നുള്ളത് ശരിയാണ്. വഞ്ചനപ്പെടാതിരിപ്പിൻ; ദൈവത്തെ പരിഹസിച്ചുകൂടാ; മനുഷ്യൻ വിതെക്കുന്നതു തന്നെ കൊയ്യും. ജഡത്തിൽ വിതെക്കുന്നവൻ ജഡത്തിൽനിന്നു നാശം കൊയ്യും; ആത്മാവിൽ വിതെക്കുന്നവൻ ആത്മാവിൽനിന്നു നിത്യജീവനെ കൊയ്യും (ഗലാത്യർ 6:7, 8).

മനപ്പൂർവ്വമായി ദൈവത്തിൽനിന്നു മനം തഴമ്പിച്ചുപോകുന്നവർക്ക് ഭയങ്കരമായ ശിക്ഷയാണ് നേരിടേണ്ടി വരിക. "എന്നാൽ നിന്റെ കാഠിന്യത്താലും അനുതാപമില്ലാത്ത ഹൃദയത്താലും നീ ദൈവത്തിന്റെ നീതിയുള്ള നീതി വെളിപ്പെടുന്ന കോപ ദിവസത്തിലേക്ക് നിനക്കു തന്നെ കോപം ചരതിച്ചു വെക്കുന്നു. അവൻ ഓരോരുത്തന്ന് അവനവന്റെ പ്രവൃത്തിക്കു പകരം ചെയ്യും" (റോമർ 2:5, 6). ദൈവത്തിന്റെ പ്രകൃതി നിയമങ്ങളെ ലംഘിക്കുന്നവർ അതിന്റെ ഫലം അനുഭവിക്കുന്നത് നമുക്ക് കാണുവാൻ കഴിയും. അപ്പോൾ പിന്നെ ആത്മിയമായി ദൈവകൽപനകളെ ലംഘിക്കുന്നവരെ ദൈവം വെറുതെ വിടുമോ? ഏതൊരു പ്രവൃത്തിക്കും അതിന്റേതായ പ്രതിപ്രവർത്തനം ഉണ്ടെന്ന് ആരും സമ്മതിക്കും. ആത്മികമായ കാര്യത്തിലും മറിച്ച് ഒരു ചിന്തക്ക് സ്ഥാനമില്ല. നീതിയും ന്യായവും ലംഘനത്തിന് ശിക്ഷ ആവശ്യപ്പെടുന്നു. ഏതൊരു നിയമവും പാലിക്കുന്നവർക്കുള്ള അനുഭവവും ലംഘിക്കുന്നവർക്കുള്ള ശിക്ഷയും വെളിപ്പെടുത്തിക്കൊണ്ടാണ് നൽകുന്നത്.

നിയമം ലംഘിക്കുന്നവർ പിഴ കൊടുത്തില്ലെങ്കിൽ നിയമം പാലിക്കുന്നതിന് പ്രസക്തിയില്ലല്ലൊ. പഴയനിയമ കാലത്ത് ദൈവം തന്റെ ജനത്തിന് ന്യായപ്രമാണം നൽകിയതിന്റെ ഉദ്ദേശം വെളിപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കുക: "ന്യായപ്രമാണമോ നീതിമാനല്ല, അധർമ്മികൾ, അനുസരണംകെട്ടവർ പാപികൾ, അശുദ്ധർ, ബാഹ്യന്മാർ, പിതൃഹന്താക്കൾ, മാതൃഹന്താക്കൾ, കുലപാതകർ, പുരുഷമൈഥുനക്കാർ, നരമോഷ്ടാക്കൾ, ഭോഷ്ക്ക് പറയുന്നവർ, കള്ളസത്യം ചെയ്യുന്നവർ എന്നിവക്കാർക്കും പത്ഥ്യോപദേശത്തിന് വിപരീതമായ മറ്റു പലതിനുമത്രെ വെച്ചിരിക്കുന്നത് എന്നു മനസിലാക്കി അതിനെ ന്യായോ

ചിതമായി ഉപയോഗിച്ചാൽ ന്യായപ്രമാണം നല്ലതു തന്നെ എന്നു നാം അറിയുന്നുവല്ലൊ (1 തിമൊഥെയൊസ് 1:8–10). നിയമം നീതിമാനെ വലക്കുന്നതിനല്ല; ദുഷ്ടന്റെ ദുഷ്ടത തടയുന്നതിനുള്ളതാണ്. ബൈബിളിൽ ദൈവത്തെ അനുസരിക്കുന്നവർക്ക് അനുഗ്രഹവും അനുസരിക്കാതിരിക്കുന്നവർക്ക് ശിക്ഷയുമാണ് വെച്ചിരിക്കുന്നത്. അകൃത്യത്തിനെതിരായി ദൈവത്തിന്റെ കോപം നേരിടേണ്ടിവരും. ദുഷ്ടനോട് ദൈവം പ്രതികാരം വീട്ടുമെന്ന് പറയുന്നത് നിഷേധിക്കുവാൻ നമുക്ക് കഴിയുകയില്ല. നന്മക്കും തിന്മക്കും അതതിന്റെ ഫലം ഉണ്ടാകുമെന്ന കാര്യത്തെ ആരും എതിർക്കുകയില്ലെന്ന് കരുതുന്നു. ദൈവശ്വാസിയ വചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന സ്പഷ്ടമായ യാഥാർത്ഥ്യത്തെ അവിശ്വസിക്കേണ്ട കാര്യമില്ല.

എല്ലാ നല്ല ദാനവും ദൈവത്തിൽനിന്നാണ് നമുക്ക് ലഭിക്കുന്നത്. മനുഷ്യർക്ക് സ്വർഗം വേണമെങ്കിൽ അത് അല്ല, നരകം വേണമെങ്കിൽ അത് തിരഞ്ഞെടുക്കുവാൻ ഈ ഭൂമിയിൽ അവസരം ഉണ്ട്. ദൈവം ആരെയും നിർബ്ബന്ധിച്ച് സ്വർഗത്തിലേക്കോ നരകത്തിലേക്ക് തള്ളി കളയുകയില്ല. എവിടെ പോകണമെന്ന് ഓരോരുത്തരുമാണ് തീരുമാനിക്കേണ്ടത്. നരകം എന്നേക്കുമുള്ളതാണ്. പിശാചിന്നും അവന്റെ ദൂതന്മാർക്കുമായി ദൈവം ഒരുക്കിയിരിക്കുന്നതാണ് നരകം. യേശുക്രിസ്തു പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക: “പിന്നെ അവൻ ഇടത്തുള്ളവരോട്, ശപിക്കപ്പെട്ടവരെ എന്നെ വിട്ട് പിശാചിന്നും അവന്റെ ദൂതന്മാർക്കുമായി ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്ക് പോകുവിൻ; ഇവർ നിത്യ ദണ്ഡനത്തിലേക്കും നീതിമാന്മാർ നിത്യജീവങ്കലേക്കും പോകും” (മത്തായി 25:41, 46). അതായത് മാനസാന്തരപ്പെടാതെ മരണത്തോളം മൽസരിച്ച് ദൈവത്തെ അനുസരിക്കാതെ മരണമടയുന്ന വ്യക്തികളെയാണ് ദൈവം നിത്യമായി ശിക്ഷിക്കുമെന്നു പറഞ്ഞിരിക്കുന്നത്. “മനുഷ്യരെ വഞ്ചിച്ച പിശാചിനെ അവസാനം തീപ്പൊയ്കയിലേക്ക് തള്ളിയിടും”

*

# ദൈവിക പാലം

കിപ്പി മിയേഴ്സ്

നിലത്തെ പൊടിയിൽനിന്നാണ് ദൈവം മനുഷ്യരെ മെനഞ്ഞുണ്ടാക്കിയത്. അത് നല്ലത് എന്ന് അവൻ കണ്ടു (ഉൽപ്പത്തി 2:7). പുരുഷന്റെ ഒരു വശത്തെ വാരയെല്ല് എടുത്ത് സ്ത്രീയെ മെനഞ്ഞുണ്ടാക്കിയപ്പോൾ അത് വളരെ നല്ലത് എന്നു കണ്ടു. പിന്നെ അവൻ അവർക്കായി ഉണ്ടാക്കിയ തോട്ടത്തിൽ അവരെ പാർപ്പിച്ചു. ആ തോട്ടം മനോഹരവും തികവുള്ളതുമായിരുന്നു. ആദ്യ ദമ്പതികൾ അപ്പോൾ ദൈവസാന്നിദ്ധ്യത്തിലായിരുന്നതിനാൽ അതിന്റെ പൂർണ്ണമായ അനുഗ്രഹം അവർക്ക് അനുഭവിക്കുവാൻ കഴിഞ്ഞു. ഈ അനുഗ്രഹം പൂർണ്ണമായി അവർക്ക് ആസ്വദിക്കുവാനായി ഒരു നിയമവും നൽകി. അത് അവരുടെ പ്രയോജനത്തിനായിരുന്നു. എന്നാൽ അവർ തിരഞ്ഞെടുത്തത് നിയമമായിരുന്നില്ല, മറിച്ച് ലംഘനമായിരുന്നു (ഉൽപ്പത്തി 2:16, 17; 3:6). അങ്ങനെ പിശാചിനാൽ വഞ്ചിക്കപ്പെട്ട് അവർ പാപികളായി തീരുകയും മരണത്തിന് അധീനരാകുകയും ചെയ്തു. പാപം എന്ന വാക്കിനെ യോഹന്നാൻ നിർവ്വചിച്ചിരിക്കുന്നത് അധർമ്മമായിട്ടാണ് (1 യോഹന്നാൻ 3:4).

പാപത്തിന്റെ അനന്തരഫലം വളരെ സങ്കീർണ്ണമായിരുന്നു. അവർ ദൈവത്തോടുകൂടെ ആയിരുന്നപ്പോൾ അനുഭവിച്ചതെല്ലാം അവർക്ക് നഷ്ടമായി. പിന്നീട് ദൈവത്തോട് ബന്ധപ്പെടുവാനുള്ള അവസരവും നിഷേധിക്കപ്പെട്ടു. പാപം ചെയ്ത ദമ്പതികളെ ദൈവം തോട്ടത്തിൽനിന്നു പുറത്താക്കുകയും അവർ വീണ്ടും തോട്ടത്തിൽ പ്രവേശിക്കാതിരിപ്പാൻ തോട്ടത്തിനു കാവലും ഏർപ്പെടുത്തി (ഉൽപ്പത്തി 3:31). കൂടാതെ അവർ ദൈവത്താൽ ശാപഗ്രസ്തരാകുകയും ചെയ്തു. പിന്നെ അവർ കഷ്ടതയോടെ അഹോവൃത്തി കഴിക്കേണ്ടിവന്നു. തുടർന്നു സ്ത്രീയുടേയും പുരുഷന്റേയും ജീവിതം തന്നെ മാറി മറിഞ്ഞതായി കാണാം.

ദൈവത്തിന്റെ പക്ഷത്തുനിന്നുമുള്ള സ്വേച്ഛാപരമായ ഒരു പ്രവൃത്തിയായിരുന്നില്ല അത്. ദൈവസ്വഭാവത്തെ നാം പരിശോധിച്ചാൽ നന്മയും പരിശുദ്ധിയും കാണുവാൻ കഴിയും. ദൈവസ്വഭാവത്തോട് നേരിട്ട് എതിർപ്പ് പ്രകടിപ്പിക്കുന്ന പ്രവൃത്തിയാണ് പാപം. അതുകൊണ്ട് അവന്റെ സന്നിധിയിൽ പാപത്തിന് സ്ഥാനമില്ല. പാപം സൃഷ്ടിയെ സൃഷ്ടികർത്താവിൽനിന്നും അകറ്റുന്നു (യെശയ്യാവ്

59:1, 2). കാരണം ദൈവം പാപത്തെ വെറുക്കുന്നു. പാപം ചെയ്ത ശേഷമുള്ള മനുഷ്യന്റെ അവസ്ഥ വളരെ ശോചനീയമാണെന്ന് ദൈവം കണ്ടു. മനുഷ്യർക്ക് ഒരിക്കലും അവർ എത്ര വിചാരിച്ചാലും ദൈവത്തിന്റെ അടുക്കൽ എത്തുവാൻ സാധ്യമല്ലെന്ന് അവനു ബോദ്ധ്യമായി. മനുഷ്യരോടുള്ള സ്നേഹവും അനുകമ്പയും നിമിത്തം മനുഷ്യർക്കും ദൈവത്തിനുമിടയിലുണ്ടായ വിടവു നികത്തുവാൻ ദൈവം തന്നെ തീരുമാനിച്ചു. പക്ഷെ ദൈവം പരിശുദ്ധനാണ്. പാപം ചെയ്തു മനുഷ്യർ അശുദ്ധരായി തീർന്നു. അപ്പോൾ പാപപരിഹാരത്തിനായി എന്തെങ്കിലും ചെയ്തേ പറ്റു. അതിനായി മനുഷ്യർക്ക് ദൈവസന്നിധിയിലെത്തുവാൻ ഒരു പാലം പണിയേണ്ടത് ആവശ്യമായി. അങ്ങനെയാണ് യേശുക്രിസ്തു എന്ന മദ്ധ്യസ്ഥനെ ദൈവം നിയമിച്ചത്. അവൻ യാഗമായി, ഒരു കാര്യസ്ഥനായി പ്രവർത്തിച്ചു. ക്രിസ്തു മുഖാന്തരം മാത്രമെ മനുഷ്യനു ദൈവത്തിലേക്ക് പ്രവേശിക്കുവാൻ കഴിയു (യോഹന്നാൻ 14:6).

മനുഷ്യരാണ് പാപം ചെയ്ത് ദൈവത്തിൽനിന്നും അകന്നുപോയത്. എങ്കിലും മനുഷ്യർക്ക് അവരുടെ പ്രവൃത്തി മൂലം നഷ്ടമായത് തിരികെ കൊടുപ്പാൻ ഒരു പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കി. അതിനാൽ സകല മനുഷ്യർക്കും ദൈവത്തിലേക്ക് നടന്നുപോകുവാൻ യേശുക്രിസ്തു ഒരു പാലമായി തീർന്നു. മനുഷ്യർക്ക് താങ്ങുവാൻ കഴിയാത്ത പാപഭാരം നിമിത്തം കഷ്ടത അനുഭവിക്കുന്നതു കണ്ട ദൈവത്തിന് അവരോട് സഹതാപം തോന്നി. ദൈവത്തിന്റെ ഏകജാതനായ പുത്രനെ നൽകുവാന്തക്കവണ്ണം ദൈവം ലോകത്തെ സ്നേഹിച്ചു (യോഹന്നാൻ 3:16). യേശുക്രിസ്തു പാപപരിഹാരത്തിനായി രക്തം ചിന്തിയില്ലായിരുന്നെങ്കിൽ മനുഷ്യർക്ക് യാതൊരു പ്രത്യാശയും ലഭിക്കുമായിരുന്നില്ല. പാപത്തിന്റെ ശമ്പളം മരണമാകുന്നു. മരണം എന്ന വാക്കിനർത്ഥം വേർപാട് എന്നതാണ്. ദൈവത്തിന്റെ സ്നേഹം ആണ് മനുഷ്യന്റെ നിത്യനാശം ഒഴിവാക്കിയത്. ദൈവത്തിന് തന്റെ മക്കളോട് കാണിക്കാവുന്ന ഏറ്റവും വലിയ സ്നേഹ പ്രവൃത്തിയാണ് യേശുവിൽ പ്രദർശിപ്പിച്ചത്. ക്രൂശിൽ മരണം സ്വയം സ്വീകരിച്ച കർത്താവ് മരണത്തെ മനുഷ്യരിൽനിന്നു ഒഴിവാക്കുവാനാണ് പ്രവർത്തിച്ചത്. വിയറ്റ്നാം യുദ്ധത്തിൽ പിടിക്കപ്പെട്ടവരെ തടവുകാരാക്കി. ആ തടവുകാരുടെ ഭാര്യമാർ അടങ്ങിയിരുന്നില്ല. തങ്ങ

ളുടെ ഭർത്താക്കന്മാരെ വിട്ടുകിട്ടുവാൻ അവർ നിരന്തരമായി ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരുന്നു. അവസാനം അവരെ ഗവൺമെന്റ് വിടുവിച്ചു. സ്നേഹം ശക്തമായ ഒരു ആയുധം തന്നെയാണ്. സ്നേഹനിധിയായ ദൈവം തന്റെ സ്നേഹം പാപത്തിൽ കഴിയുന്നവർക്കായി പ്രദർശിപ്പിച്ചു (റോമർ 5:8, 9). തണുപ്പുള്ള രാത്രിയിൽ നിങ്ങൾ സമൃദ്ധമായ ആഹാരം കഴിച്ചു കമ്പിളി വസ്ത്രമെല്ലാം ധരിച്ചു കിടക്കുവാൻ പോകുമ്പോൾ, പുറത്ത് കീറിയ വസ്ത്രം ധരിച്ച് നടന്നു നീങ്ങുന്ന ഒരു വൃദ്ധനെ കണ്ടപ്പോൾ നിങ്ങൾക്ക് അയാളോട് അനുകമ്പ തോന്നി അയാൾക്ക് ആഹാരവും കമ്പിളി വസ്ത്രവും നിൽകുന്നത് കാരുണ്യ പ്രവൃത്തിയാണ്.

ദൈവത്തിന്റെ വാൽസല്യവും കരുണയുമാണ് മനുഷ്യരെ പാപത്തിൽനിന്നു മോചിപ്പിക്കുവാനിടയാക്കിയത്. നാം ദൈവത്തിന്റെ ശത്രുക്കളായിരുന്നപ്പോഴാണ് അവൻ തന്റെ സ്നേഹം നമ്മോട് പ്രദർശിപ്പിച്ചത്. ദൈവത്തിന്റെ കൃപയാലാണ് അവൻ നമുക്ക് ഒരു രക്ഷാപദ്ധതി ഒരുക്കിയത്. കൃപ എന്നു പറയുന്നത് അനർഹമായ ഒരു ഉപകാരമാണ്. അതോടുകൂടെ നമ്മുടെ ഭാഗത്തുനിന്ന് വിശ്വാസം ആവശ്യമാണ്. കൃപയാൽ വിശ്വാസം മുലമത്രെ ദൈവം നമ്മെ രക്ഷിക്കുന്നത്, അല്ലാതെ നമ്മുടെ നല്ല പ്രവൃത്തികളാലല്ല എന്ന് സ്പഷ്ടം (എഫെസ്യർ 2:8, 9). വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ട് നമ്മുടെ കർത്താവായ യേശുക്രിസ്തു മുലം നമുക്ക് ദൈവത്തോട് സമാധാനം ഉണ്ട്. നാം നിൽക്കുന്ന ഈ കൃപയിലേക്ക് നമുക്ക് അവൻ മുലം വിശ്വാസത്താൽ പ്രവേശനവും ലഭിച്ചിരിക്കുന്നു (റോമർ 5:1, 2). രക്ഷ ദൈവം ദാനമായിട്ടാണ് അഥവാ സൗജന്യമായിട്ടാണ് നൽകുന്നത്. എന്നാൽ നാം അത് സ്വീകരിക്കണം. അല്ലാതെ രക്ഷ നമുക്ക് നേടിയെടുക്കാവുന്നതല്ല. ദൈവത്തോട് നിരന്നുകൊൾവാനായി ദൈവം ഏർപ്പെടുത്തിയിരിക്കുന്ന വ്യവസ്ഥയുമായി നാം പൊരുത്തപ്പെടണം.

ക്രിസ്തുവിന്റെ രക്ഷാ കൽപനകൾക്ക് പകരമായി മറ്റൊന്നില്ല. കർത്താവിന്റെ രക്ഷക്ക് അവൻ കൽപിക്കുന്നതാണ് നാം അനുസരിക്കേണ്ടത്. അല്ലാതെ സാമുദായികമോ മാനുഷികമോ ആയ ആചാരങ്ങളല്ല. സൗജന്യമായി നമുക്ക് ലഭിക്കുന്ന രക്ഷ വിലയേറിയതാണ്. കാരണം ആ രക്ഷ സാദ്ധ്യമാക്കിയത് വിലയേറിയ ക്രിസ്തു

വിന്റെ വിശുദ്ധമായ രക്തത്താലാണ്. ദൈവത്തിൽ മനുഷ്യർ പൂർണ്ണമായി ആശ്രയിക്കണം. കാരണം അവനാണ് നമ്മുടെ രക്ഷകൻ. മറ്റൊരു രക്ഷകനോ രക്ഷാ മാർഗമോ ഇല്ല. തങ്ങൾ ഘോരപാപികളാണ് തങ്ങൾക്ക് ഇനി എന്തു ചെയ്താലും രക്ഷയില്ല എന്ന് ചിലർ വിശ്വസിക്കുന്നു. വേറെ ചിലർ വിചാരിക്കുന്നത് തങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന സൽപ്രവൃത്തികൾ വെച്ചുകൊണ്ട് ദൈവം തങ്ങളെ രക്ഷിക്കുമെന്നാണ്. ഭയമുള്ളവരും സംശയമുള്ളവരും പാലത്തിൽ കയറുകയില്ല. ആത്മിയമായ പാതയിൽ കൂടെ നടക്കുവാൻ നമുക്ക് പൂർണ്ണവും ഉറപ്പുള്ളതുമായ വിശ്വാസം ആവശ്യമാണ്. ഭയപ്പെടുന്ന ആളുകൾ സമുദായത്തെയും സമൂഹത്തെയും ആണ് ഭയപ്പെടുന്നത്. അവർ ദൈവത്തെ ഭയപ്പെടുകയില്ല. ദൈവത്തെ ഭയപ്പെടുന്നവർ ദൈവം പറഞ്ഞിരിക്കുന്ന കാര്യങ്ങൾ വിശ്വസിക്കും.

മനുഷ്യജീവിതത്തിന്റെ സാരാംശത്തെ കുറിച്ച് ശലോമോൻ പറഞ്ഞിരിക്കുന്നത് ദൈവത്തെ ഭയപ്പെട്ട് അവന്റെ കൽപ്പനകളെ പ്രമാണിക്കുന്നതാകുന്നു സകല മനുഷ്യർക്കും വേണ്ടത് (സഭാപ്രസംഗി 12:13). എന്നാൽ യേശുക്രിസ്തുവിൽ വിശ്വാസം അർപ്പിക്കുന്നവരുടെ ഏതു പാപവും അവൻ ക്ഷമിക്കും. മനുഷ്യരെയോ സമുദായത്തെയോ ഭയപ്പെടേണ്ട ആവശ്യമില്ല. മറിച്ച് ദൈവത്തെ മാത്രമാണ് വാസ്തവത്തിൽ നാം ഭയപ്പെടേണ്ടത്. ധൈര്യപൂർവ്വം ദൈവത്തെ ബഹുമാനിച്ച് അവന്റെ ഉപദേശത്തെ അനുസരിച്ച് ജീവിക്കുവാൻ ഓരോരുത്തരും ധൈര്യം ആർജ്ജിക്കണം. അവിശ്വാസം, സംശയം എന്നിവ നീക്കി കളഞ്ഞ് ധൈര്യത്തോടെ അവന്റെ കൃപാസനത്തോട് അടുത്തു ചെല്ലുക. ഓരോരുത്തരും അക്കരക്കുള്ള യാത്രയിലാണ്. ആ യാത്രയിൽ നാം വീണുപോകരുത്. അദൃശ്യനായ ദൈവത്തിന്റെ കൈപിടിച്ച് നടന്നാൽ വീഴാതിരിക്കും. ദൈവത്തിന്റെ പാലത്തിൽകൂടെ കടക്കാതെ മറ്റു മാനുഷിക വഴികളെ സ്വീകരിച്ച് ദൈവത്തെ പ്രസാദിപ്പിക്കാമെന്ന് വിചാരിക്കരുത്. കർത്താവ് പണിതിരിക്കുന്ന സഭയിൽ പ്രവേശിച്ചാണ് നാം യാത്ര ചെയ്യേണ്ടത്. ആ യാത്ര നിങ്ങൾ ഓരോരുത്തരും ഉറപ്പു വരുത്തണം.

★

# നല്ല ഉദ്ദേശത്തോടെയുള്ള തിന്മ

## സണ്ണി ഡേവിഡ്

യേശുക്രിസ്തു ഈ ഭൂമിയിലായിരുന്നപ്പോൾ സംസാരിച്ച കാര്യങ്ങളെല്ലാം വളരെ പ്രാധാന്യമുള്ളവയായിരുന്നു. ന്യായവിധിയെ ഓർപ്പിച്ച് വിസ്മയമായ ഈ പ്രസ്താവന നടത്തുകയുണ്ടായി. "കർത്താവേ, കർത്താവേ നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വീര്യപ്രവൃത്തികൾ പ്രവർത്തിക്കയും ചെയ്തില്ലയോ എന്ന് പലരും ആ നാളിൽ എന്നോടു പറയും. അന്ന് ഞാൻ അവരോട്, ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടുപോകുവിൻ എന്ന് തീർത്തു പറയും." അനേകർ അന്ന് യേശുവിന്റെ അടുക്കൽ വന്ന് അവനോട് പറയും എന്നാണ് അവൻ പറഞ്ഞത്. അവർ യേശുവിൽ വിശ്വസിച്ച ആളുകളാണ്. കാരണം അവർ അത്ഭുതങ്ങളും വീര്യപ്രവൃത്തികളും ചെയ്തത് യേശുവിന്റെ നാമത്തിലായിരുന്നു. തന്നെയുമല്ല അവർ ക്രിസ്തുവിന്റെ രാജ്യത്തിലേക്കുള്ള പ്രവേശനം ഉറപ്പാക്കി എന്നു വിശ്വസിച്ചിരുന്നവരുമായിരുന്നു.

അത്തരം പ്രവൃത്തികൾ ചെയ്യുന്നവർക്ക് നല്ല ഉദ്ദേശവും ലക്ഷ്യവും ഉണ്ടായിരുന്നേക്കാം. എങ്കിലും അവർ ചെയ്തതു നിയമവിരുദ്ധമായിരുന്നു എന്നു കാണാം. അവരുടെ ആ പ്രവൃത്തികളെല്ലാം അധർമ്മമായിരുന്നു. സകല അധർമ്മവും പാപം തന്നെ. അതുകൊണ്ടാണ് കർത്താവ് അവരോട് തന്നെ വിട്ടുപോകുവാൻ പറയുന്നത്. യേശുവിൽ വിശ്വസിച്ചുകൊണ്ടായാലും, അവന്റെ നാമത്തിലായാലും ചില പ്രവൃത്തികൾ ധർമ്മമല്ലാത്തതായാൽ ദൈവം അംഗീകരിക്കുകയില്ല. നിയമവിരുദ്ധമായ ഏതൊരു പ്രവൃത്തിയെയും ദൈവം വെറുക്കുന്നു. ഈ കാലത്ത് ക്രിസ്തുവിന്റെ നാമത്തിൽ ആളുകൾ ഇത്തരം പ്രവൃത്തികൾ ചെയ്യുന്നതായി അവകാശപ്പെടുന്നില്ലേ? തീർച്ചയായും ഉണ്ട്. നാം ദിവസേന ബൈബിൾ വായിക്കുന്നവരും, ദൈവത്തെ ആരാധിക്കുന്നവരും, പ്രാർത്ഥിക്കുന്നവരും ഒരുപക്ഷെ പ്രസംഗിക്കുന്നവരും നല്ല ധാർമ്മിക ജീവിതം നയിക്കുന്നവരും ആയിരുന്നേക്കാം. ആ വലിയ ദിവസത്തിൽ കർത്താവ് നമ്മെ സ്വീകരിക്കുമോ? അതോ നാം തള്ളപ്പെടുമോ? എങ്ങനെ

നമുക്ക് ഉറപ്പിക്കാം? മുന്നെഴുതിയിരിക്കുന്നതെല്ലാം നമ്മുടെ ബുദ്ധിയുപദേശത്തിനായി എഴുതിയിരിക്കുന്നു എന്നു റോമാ ലേഖനം പതിനഞ്ചാം അദ്ധ്യായത്തിൽ നാം വായിക്കുന്നു. അതിനാൽ നമുക്ക് പഴയ നിയമ ഉദാഹരണങ്ങൾ പരിശോധിക്കാം. അവ ഇന്ന് നമ്മുടെ ബുദ്ധിയുപദേശത്തിനായി തന്നിരിക്കുന്നു

ശൗൽ യിസ്രായേലിൽ രാജാവായ ശേഷം ശമുവേൽ പ്രവാചകൻ അവനോട് ആജ്ഞാപിച്ചതെന്തെന്നാൽ "നീ പോയി അമാലേക്യരേയും അവർക്കുള്ളതിനേയും എല്ലാം ഉന്മൂല നാശം വരുത്തണം." ദൈവജനം വാഗ്ദാനദേശത്തേക്ക് സഞ്ചരിച്ചുകൊണ്ടിരുന്നപ്പോൾ അമാലേക്യർ അവരെ ആക്രമിച്ചു. ശൗൽ ദൈവത്തിന്റെ അരുളപ്പാട് ലഭിച്ചതിനാൽ പോയി അവരെ തോൽപിച്ചു, എന്നാൽ അവരുടെ രാജാവായ ആഗാഗിനേയും, അവരുടെ ആട്, മാട്, തടിച്ച മൃഗം, എന്നിവ ഉത്തമമായിരുന്നതിനാൽ നശിപ്പിക്കാതെ ജീവനോടെ കൊണ്ടുവന്നു. ശമുവേൽ ശൗലിനെ കാണുവാൻ വന്നപ്പോൾ ശൗൽ പറഞ്ഞത് താൻ യഹോവയുടെ കൽപന പ്രമാണിച്ചിരിക്കുന്നു എന്നാണ്. എന്നാൽ എന്റെ ചെവിയിൽ വന്നു കേൾക്കുന്ന ആടുകളുടെ കരച്ചലും, കാളകളുടെ മുക്രയും എന്ത് എന്നു ചോദിച്ചു. അതിന് ശൗൽ പറഞ്ഞത് അവയെ ഞാൻ കൊണ്ടുവന്നത് നിന്റെ ദൈവമായ യഹോവക്ക് യാഗം കഴിക്കുന്നതിനാണ്.

ദൈവത്തിന്റെ വാക്കുകളെ ലംഘിച്ച് ജനത്തിന്റെ വാക്ക് അനുസരിച്ചായിരിക്കാം അവൻ അങ്ങനെ ചെയ്തത്. അത് നല്ല ഉദ്ദേശത്തിനുവേണ്ടിയാണ് അവൻ അപ്രകാരം ചെയ്തത്. അതിന് ശമുവേൽ പറഞ്ഞ മറുപടി, ഇതാ അനുസരിക്കുന്നത് യാഗത്തേക്കാളും ശ്രദ്ധിക്കുന്നത് മുട്ടാടുകളുടെ മേദസിനേക്കാളും നല്ലത്. മൽസരം ആഭിചാരദോഷം പോലെയും, ശാഠ്യം മിഥ്യാപുജയും, വിഗ്രഹാരാധനയും പോലെ ആകുന്നു എന്നായിരുന്നു. യഹോവയുടെ വചനം തള്ളിക്കളഞ്ഞ ശൗലിനെ ദൈവം രാജസ്ഥാനത്തു നിന്നു നീക്കി കളഞ്ഞു (1 ശമുവേൽ 15:8–13). ആ പ്രവൃത്തി ശരിയാണെന്നാണ് ശൗൽ വിചാരിച്ചത്. നല്ലതൊഴിച്ച് മറ്റെല്ലാം നശിപ്പിച്ച പ്രവൃത്തി തെറ്റായിരിക്കുകയില്ല എന്നാണ് രാജാവ് വിചാരിച്ചത്. കൊണ്ടുവന്നത് യഹോവക്ക് യാഗം കഴിക്കുവാനാണ് എന്ന നല്ല ഉദ്ദേശവും അവനുണ്ടായിരുന്നു. അതുപോലെ ചിന്തിക്കുന്ന നിരവധി ആളുകൾ ഇന്നുമുണ്ട് എന്നത് നാം മറ

ക്കരുത്. ദൈവ നാമത്തിനു വേണ്ടിയല്ലേ, ദൈവത്തെ ആരാധിക്കുന്നതിനു വേണ്ടിയല്ലേ എന്നെല്ലാം ആളുകൾ ചോദിക്കുന്നത് കേൾക്കാം. ദൈവത്തിന്റെ കൽപ്പനകളെല്ലാം അങ്ങനെ തന്നെ അനുസരിക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. അതിൽ കുറച്ചു ചെയ്യുവാനോ അല്ലെങ്കിൽ കൂടുതൽ ചെയ്യുവാനോ അവൻ ആഗ്രഹിക്കുന്നില്ല. പക്ഷെ ആളുകളുടെ ചിന്തകൾ വ്യത്യസ്തമാണ്. ദൈവത്തിന്റെ വിചാരം വേറെ മനുഷ്യരുടെ വിചാരം വേറെ. ദൈവത്തിന്റെ വഴി ഒന്ന് മനുഷ്യരുടെ വഴി മറ്റൊന്ന്. ദൈവം പറഞ്ഞിരിക്കുന്നതിൽനിന്നു വ്യത്യസ്തമായി കാര്യങ്ങൾ ചെയ്തിട്ട് അതിനെ ന്യായീകരിക്കുന്നത് ദൈവത്തോട് മൽസരിക്കുന്നതിനു തുല്യമാണ്. യേശു മലപ്രസംഗത്തിൽ ഇതിനോട് യോജിക്കുന്ന വിധത്തിൽ അരുളിച്ചെയ്തിരിക്കുന്നു.

ഉൽപ്പത്തി നാലാം അദ്ധ്യായം മൂന്നാം വാക്യത്തിൽ കയീൻ യഹോവക്ക് വഴിപാട് കൊണ്ടുവന്നതായി നാം വായിക്കുന്നു. നല്ല ഉദ്ദേശത്തോടെയായിരിക്കാം അവൻ അത് ചെയ്തത്. അവൻ നിലത്തിലെ അനുഭവത്തിൽനിന്നാണ് ദൈവത്തിന് വഴിപാട് അർപ്പിച്ചത്. എന്നിട്ടും അത് യഹോവ നിരസിച്ചുകളഞ്ഞു. കാരണം അത് ദൈവേഷ്ടപ്രകാരമുള്ള ഒന്നായിരുന്നില്ല. ദൈവം പറഞ്ഞിട്ടുള്ള കാര്യങ്ങൾ നാം ശ്രദ്ധയോടെ കേൾക്കണം. എന്നിട്ട് വേണം വിശ്വസിക്കുവാൻ. വിശ്വാസത്താലായിരിക്കണം അനുസരിക്കുവാൻ (എബ്രായർ 11:4; റോമർ 10:17). ദൈവം കൽപിക്കാത്ത അന്യാഗ്നി ഉപയോഗിച്ച് ദൈവത്തിന് യാഗം കഴിച്ച രണ്ട് ലേവ്യാ പുരോഹിതന്മാരായിരുന്നു നാദാബും അബീഹുവും. അവരുടെ യാഗം ദൈവത്തെ പ്രസാദിപ്പിക്കുന്നതിനു വേണ്ടിയായിരുന്നു. നല്ല ഉദ്ദേശത്തോടെയായിരുന്നു അവർ ചെയ്തത്. പക്ഷെ അവർ ഉപയോഗിച്ചത് ദൈവേഷ്ടത്തിനു വിരുദ്ധമായ അഗ്നിയായിരുന്നു. അതിന്റെ ശിക്ഷയോ തീയാൽ തന്നെ അവരെ ദഹിപ്പിച്ചുകളയുന്നതായിരുന്നു.

മനുഷ്യരുടെ ചിന്തകളും ആശയങ്ങളും ദൈവമുൻപാകെ വിലപ്പോകുകയില്ല. ദൈവം തന്റെ ഹിതപ്രകാരം കാര്യങ്ങൾ നിർവ്വഹിപ്പാനാണ് കൽപിച്ചിരുന്നത്. അതിനു മാറ്റം വരുത്തുവാൻ മനുഷ്യർക്ക് അവകാശമില്ല. നമ്മുടെ നീതി ദൈവമുൻപാകെ കറ പിരണ്ട തുണി പോലെയാണ്. നാം തെറ്റല്ല എന്നു വിചാരിച്ചു പ്രവർത്തിക്കുന്നത് ദൈവമുൻപാകെ തെറ്റായിരുന്നാൽ അവൻ അത് അംഗീകരിക്ക

യില്ല (ലേവ്യാപുസ്തകം 10:1, 2; സംഖ്യാപുസ്തകം 16:46). പഴയനിയമകാലത്തിലും പുതിയനിയമകാലാരംഭത്തിലും ദൈവം ആളുകളെ ശിക്ഷിച്ചതുപോലെ ഇപ്പോൾ അവൻ ശിക്ഷിക്കുന്നില്ല. ഇപ്പോൾ പുതിയനിയമകാലമായതിനാൽ നാം ഓരോരുത്തരും ക്രിസ്തുവിന്റെ വചനം ശ്രദ്ധാപൂർവ്വം വായിക്കുകയോ കേൾക്കുകയോ വേണം. അവന്റെ മുന്നറിയിപ്പുകളെ നാം ഒരിക്കലും അവഗണിക്കരുത്. ഏതടിസ്ഥാനത്തിലാണ് അവൻ നമ്മെ കൈക്കൊള്ളുന്നത് എന്നു നാം മനസിലാക്കണം. നമ്മെ ഇന്നു രക്ഷിക്കുന്നത് ക്രിസ്തുവിന്റെ ഉപദേശമാണ്. അവസാനം ന്യായം വിധിക്കുന്നതും അവന്റെ വചനപ്രകാരമാണ് (യോഹന്നാൻ 12:48).

ആവസാന ന്യായവിധി എല്ലാവർക്കും ഉള്ളതാണ്. ആ ന്യായവിധിയെ നേരിടുവാൻ നിങ്ങൾ തയ്യാറായിട്ടുണ്ടോ? ഇല്ലെങ്കിൽ ഉടനെ തയ്യാറാകേണ്ടിയിരിക്കുന്നു. ദൈവം നശിപ്പിക്കുവാൻ പറഞ്ഞ എന്തെങ്കിലും കാര്യങ്ങൾ നിങ്ങൾ സൂക്ഷിച്ചു വെച്ചിട്ടുണ്ടോ? വിട്ടുകളയുവാൻ കർത്താവ് പറഞ്ഞ എന്തെങ്കിലും ഇപ്പോഴും നിങ്ങളിൽ ഉണ്ടോ? ദൈവം അധികാരപ്പെടുത്താത്ത എന്തെങ്കിലും നിങ്ങൾ ചെയ്യുന്നുണ്ടോ? ദൈവം പറഞ്ഞിട്ടില്ലാത്ത എന്തെങ്കിലും ചെയ്ത് നിങ്ങൾ ദൈവത്തെ പ്രസാദിപ്പിക്കുവാൻ ശ്രമിക്കുന്നുണ്ടോ? നല്ല ഉദ്ദേശത്തോടെ എന്തെങ്കിലും തെറ്റായ കാര്യങ്ങൾ നിങ്ങൾ ചെയ്യുന്നുണ്ടോ? നിങ്ങളുടെ ആത്മാർത്ഥതയല്ല നിങ്ങളെ രക്ഷിക്കുന്നത്. ഒരാൾ മരുന്നാണെന്ന് വിശ്വസിച്ച് ആത്മാർത്ഥതയോടെ വിഷം കുടിച്ചാലും സത്യത്തിനു മാറ്റം സംഭവിക്കുകയില്ല.

ദൈവവചനമായ സത്യമാണ് ആളുകളെ പാപത്തിൽനിന്നു മുക്തരാക്കുന്നത്. ക്രിസ്തുവിന്റെ രക്ഷ ലഭിക്കുവാൻ അവൻ ആവശ്യപ്പെടുന്നതെല്ലാം നിങ്ങൾ ചെയ്തിട്ടുണ്ടോ? (മർക്കൊസ് 16:16; പ്രവൃത്തികൾ 2:38). ദൈവത്തോട് വിശ്വസ്തത പുലർത്തുന്ന ഒരു ക്രിസ്തീയ ജീവിതമാണോ നിങ്ങൾ നയിക്കുന്നത്? എത്ര ഭക്തിയോടെ ചെയ്താലും അത് ദൈവേഷ്ടത്തിനു വിരുദ്ധമാണെങ്കിൽ ദൈവസന്നിധിയിൽ അംഗീകരിക്കാതെ പോകും. നമ്മുടെ ദൈവം തീഷ്ണതയുള്ള ദൈവമാണെന്ന കാര്യം മറക്കാതിരിക്കുക.

✶

*Watch!*

# SATHYANADAM

# TV PROGRAME

## TRUE GOSPEL MESSAGE

## Speaker:

# Bro.P.K. VARGHESE

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

കേൾക്കുക!

# സത്യനാദം

ബ്രദർ.

**പി.കെ വർഗ്ഗീസ്**

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!

The English Voice of Truth is available.
One can contact Philemon or Kingsley at:
P.C. Philemonrajah, P.O. Box 15, 45 C/1 Church Lane,
Coronation Street, Arasardi, Madurai 625016
Mobile : 9244204420, 9244214421(Kingsley), 0452-2607026(Landline)

## Gospel Preaching On Television & Radio

| | | |
|---|---|---|
| Tamil : | Nambikkai TV | - Every Saturday at 8.00 pm |
| | Tamilan TV | - Every Monday at 6.00 pm |
| | Speaker : **Arjunan** | |
| | Tamilan TV | - Every Sunday at 6.45 am |
| | Nambikkai TV | - Every Sunday at 3.30 pm |
| | Speaker : **Philemon & Kingsley** | |
| | Tamilan TV | - Every Monday at 7.00 am<br>Every Thursday at 9.30 pm<br>Every Saturday at 7.15 am |
| | Speaker : **Rajanayagam** | |
| Hindi : | Subhasandesh TV | - Every Sunday & Tuesday at 7.00 pm |
| | Speaker : **Sunny, Francis & Vinay David** | |
| Malayalam : | Jai Hind TV | - Every Saturday at 6.00 am |
| | Speaker : **P. K. Varghese** | |
| Telugu : | Subhavartha TV | - Every Sunday 6.00 pm |
| | Rakshana TV | - Every Wednessday 6.30 pm |
| | Rakshana TV | - Every Thursday 11.00 am |
| | Sathyavani TV | - Every Wed & Friday 8.00 pm<br>www.sakthitv.in |
| | Aradhana TV | - Every Saturday at 6.30 am |
| | Kanthi TV | - Everyday at 7.30 am & 3.30 pm |
| | Speakers : **Joshua & Ricky Gootam** | |
| Manipur : | TC Network | - Every Monday at 6.30 pm |
| | TC Network | - Every Wed. & Friday at 6.00 am |
| | Speaker : **Thang Lien** | |

*Join us to worship God in Spirit and Truth*
*The*

# CHURCH OF CHRIST

Meets at T.C. 27/225
Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**
**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378